**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5125** **02-11-2021 - ൽ മറുപടിയ്ക്ക്**

**കാർഷികമേഖലയ്ക്കുള്ള വായ്പ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷികമേഖലയ്ക്കുള്ള വായ്പ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; | (എ) | കാർഷിക വായ്പ വിതരണവും അതിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ എല്ലാ കർഷകരെയും ഉൾപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ (SLBC) ആഭിമുഖ്യത്തിൽ സംസ്ഥാനതല ക്യാമ്പയിൻ കൃഷി വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ അർഹരായ എല്ലാ കർഷകർക്കും കിസ്സാൻ ക്രെഡിറ്റ് കാർഡുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലാതലത്തിൽ ലീഡ്ബാങ്കിന്റെ നേതൃത്വത്തിലും, ബാങ്ക് ശാഖകളിൽ മാനേജർമാരുടെ നേതൃത്വത്തിലും പ്രത്യേകം ക്യാമ്പയിനുകൾ നടത്തിവരുന്നുണ്ട്. കിസ്സാൻ ക്രെഡിറ്റ് കാർഡ് വായ്പ ലഭിക്കുവാൻ അർഹതയുള്ള കർഷകരെ ശുപാർശ ചെയ്യുന്നതിനും, പരമാവധി കർഷകരെ കിസ്സാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാകുക എന്ന ലക്ഷ്യത്തോട് കൂടി "കെ.സി.സി സാച്ചുറേഷൻ" ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യങ്ങൾക്കായുള്ള ഹ്രസ്വകാല മധ്യകാല വായ്പകളുടെ ഒരംഗത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി മൂന്ന് ലക്ഷം രൂപയിൽ നിന്നും അഞ്ച് ലക്ഷം രൂപയായി ഉയർത്തിയും, പുതിയതായി കാർഷിക അനുബന്ധ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും, കാർഷിക അനുബന്ധ ആവശ്യങ്ങൾക്കുള്ള സ്വർണപണയ വായ്പ പരമാവധി മൂന്ന് ലക്ഷം രൂപയും അനുവദിച്ച് നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.ബി കിസാൻ മിത്ര വായ്പ പദ്ധതിയിലൂടെ 7% പലിശ നിരക്കിൽ 3% സബ്സിഡിയോടെ കൂടി മൂന്ന് ലക്ഷം രൂപ വരെയും, |

| | | | |
|---|---|---|---|
| | | | അതിന് മുകളിൽ 8.5% പലിശ നിരക്കിൽ കെ.ബി. എൽ.ടി അഗ്രിക്കൾച്ചറൽ വായ്പയിലൂടെ കാർഷിക ആവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പായി 60 ലക്ഷം രൂപ വരെയും കേരള ബാങ്ക് നൽകി വരുന്നു. |
| (ബി) | കൃഷിക്കാർക്ക് നടീൽ വസ്തുക്കൾ സുലഭമായി ലഭിക്കാനും കാർഷിക വായ്പകളുടെ പലിശ സബ്സിഡി സമയബന്ധിതമായി ലഭിക്കാനും നടപടികൾ സ്വീകരിക്കുമോ? | (ബി) | കൃഷിക്കാർക്ക് നടീൽവസ്തുക്കൾ സുലഭമായി ലഭിയ്ക്കാനായി 63 സർക്കാർ ഫാമുകളിലൂടെ ഈ സാമ്പത്തിക വർഷം 750 ടൺ നെൽവിത്ത്,44 ലക്ഷം കുരുമുളക് തൈകൾ, 7 ടൺ പച്ചക്കറി വിത്ത്, 47 ലക്ഷം പച്ചക്കറി തൈകൾ, 50 ലക്ഷം ഫല വൃക്ഷ തൈകൾ, 40 ടൺ കിഴങ്ങു വർഗ നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ചു കർഷകർക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാളികേര വികസന കൗൺസിൽ പദ്ധതിപ്രകാരം അടുത്ത നടീൽ സീസണിൽ വിതരണം ചെയ്യുന്നതിനായി 10 ലക്ഷം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. "നാളികേര വികസന കൗൺസിൽ" പദ്ധതിയിലൂടെ സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കർഷകർക്ക് 50% നിരക്കിലും, "ഫല വർഗ വികസന പദ്ധതിയിലൂടെ" സർക്കാർ ഫാമുകളിൽ ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഫല വൃക്ഷ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ, ടിഷ്യൂ കൾച്ചർ തൈകൾ) എന്നിവ 75% സബ്സിഡിയിലും, സുഗന്ധ വ്യഞ്ജന വികസന പദ്ധതിയിലൂടെയും, വിവിധ എസ്.എച്ച്.എം സ്കീമുകളിലൂടെയും വേര് പിടിപ്പിച്ച കുരുമുളക് വള്ളികളും, വാഴകന്നുകളും, പച്ചക്കറി വികസന പദ്ധതികളിലൂടെ ഗുണമേന്മയുള്ള പച്ചക്കറി വിത്തും, തൈകളും സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യുന്നു. കൃഷിക്കാർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സുലഭമായി ലഭ്യമാക്കുന്നതിന് നടീൽവസ്തുക്കളുടെ ഉത്പാദനവും, വിതരണവും എന്ന പദ്ധതിയിൽ 2021-22 വർഷം സർക്കാർ ഫാമുകളിലൂടെ വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്ത് ഉത്പാദനത്തിനായി 200 ലക്ഷം രൂപയും, ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും, മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിയ്ക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും, ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15ലക്ഷം രൂപയും, തെങ്ങ് കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാരസസ്യങ്ങൾ എന്നിവയുടെ നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം അടുത്ത വർഷത്തിൽ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനായി 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ,ലേയറുകൾ) ഫാമുകളിൽ ഉത്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിസാൻ ക്രെഡിറ്റ് കാർഡ് പോലുള്ള വായ്പ്പകൾക്കുള്ള പലിശ സബ്സിഡി, പലിശ ഇൻസെന്റീവ് എന്നിവ സമയബന്ധിതമായി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ